# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 4231**

**21.07.2015 - ൽ**
**മറുപടിക്ക്**

## കൃഷി അവബോധ പഠന ക്ലാസുകൾ

**ചോദ്യം**
**ശ്രീ.ബാബു എം. പാലിശ്ശേരി**

**മറുപടി**
**ശ്രീ.കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

**എ)** യുവതീയുവാക്കൾക്ക് നവീന കൃഷിരീതിയെക്കുറിച്ച് ശാസ്ത്രീയ അവബോധം നൽകി കൃഷിയിലേക്ക് ആകർഷിക്കുന്നതിന് കാർഷിക സർവ്വകലാശാല ഏതെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

**എ)** കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിൽ സർവ്വകലാശാലയിലെ നവീന കൃഷി രീതികളെകുറിച്ചും നൂതന സാങ്കേതിക വിദ്യകളെകുറിച്ചും ജനങ്ങളിൽ എത്തിക്കുന്നതിനായി കേരള കാർഷിക സർവ്വകലാശാല ടെക്നോളജി ഹബ്ബ് എന്ന ഒരു സംരംഭം ആരംഭിച്ചിട്ടുണ്ട്. ഈ ടെക്നോളജി ഹബ്ബ് മുഖേന പൊതുജനങ്ങൾക്ക് അവരുടെ ആവശ്യപ്രകാരം സർവ്വകലാശാലയുടെ വിവിധ തരം സാങ്കേതിക വിദ്യകൾ ലഭ്യമാക്കുന്നു. കൂടാതെ സ്കൂൾ ഓഫ് എന്റർപ്രന്യൂർഷിപ്പ് ഡെവലപ്പ്മെന്റ് എന്ന ഒരു സംരംഭം ഇതേ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു. മണ്ണുത്തിയിലെ ഈ സ്ഥാപനത്തിൽ യുവതിയുവാക്കൾ അടക്കം വിവിധ തുറകളിൽപ്പെട്ടവർക്ക് നവീന കൃഷിരീതിയെ കുറിച്ചും അനുബന്ധ വിഷയങ്ങളെ കുറിച്ചും ധാരാളം ട്രെയിനിംഗ് നടത്തിവരുന്നു. കൂടാതെ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വഴി യുവജനങ്ങൾക്കായി കാർഷിക സർവ്വകലാശാല ആവശ്യാനുസരണം പരിശീലനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. എസ്.എസ്.എൽ.സി. കഴിഞ്ഞ യുവജനങ്ങൾക്കായി ഈ വർഷം നവീന കൃഷി രീതിയെ കുറിച്ച് ശാസ്ത്രീയ അവബോധം നൽകുന്നതിനായി സർവ്വകലാശാല പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. എറണാകുളം ജില്ലയിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി ഒരു വിപുലമായ പരിശീലനപരിപാടിയും സർവ്വകലാശാല ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്.

**ബി)** ഇതിനായി കാർഷിക സർവ്വകലാശാലയിലെ വിദഗ്ധരുടെ നേതൃത്വത്തിൽ കോളേജുകൾ, വായനശാലകൾ എന്നിവ കേന്ദ്രീകരിച്ച് കൃഷി അവബോധ പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

**സി)** എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**ബി) & സി)** കാർഷിക സർവ്വകലാശാലയിൽ ശാസ്ത്രജ്ഞരുടെ ദൗർലഭ്യം നിമിത്തം കോളേജുകൾ, വായനശാലകൾ എന്നിവ കേന്ദ്രീകരിച്ച പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത് സുഗമമല്ല എങ്കിലും ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന ഇ-ലേണിംഗ് സെന്റർ വഴി ഓൺ ലൈൻ കോഴ്സുകൾ നടന്നുവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**